**കേരള സർക്കാർ**

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**<u>സർക്കുലർ</u>**

**നം.92/2023/ധന** **തിരുവനന്തപുരം, തീയതി: 04/10/2023**

വിഷയം:- കെ.എസ്.ആർ ഭാഗം III ചട്ടം 3(b) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്മേലുള്ള സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:- 09/06/2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ A1-1/45/022-kpsc നമ്പർ കത്ത്.

കെ.എസ്.ആർ ഭാഗം III ചട്ടം 3(b) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുമ്പോൾ ഒരാൾക്ക് മേജർ ശിക്ഷ നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് പ്രസ്തുത ചട്ടത്തിലെ ഖണ്ഡിക (iii)-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ സർക്കാരിൽ നിന്നും ഉപദേശത്തിനായി ലഭിക്കുന്ന ഫയലുകൾ പരിശോധിക്കുമ്പോൾ കെ.എസ്.ആർ ഭാഗം III ചട്ടം 3(b) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്ന കേസുകളിൽ ചാർജ് മെമ്മോയും ആരോപണ പത്രികയും നൽകാതെയാണ് നടപടി സ്വീകരിക്കുന്നതായി കാണുന്നത് എന്നും ഔപചാരിക അന്വേഷണം നടത്തി കാരണം കാണിക്കൽ നോട്ടീസ് മാത്രം നൽകിക്കൊണ്ട് അച്ചടക്കനടപടികൾ തുടരുന്ന പ്രവണത ബന്ധപ്പെട്ട ചട്ടങ്ങളുടെ ലംഘനമാണ് എന്നും സൂചന കത്ത് പ്രകാരം ബഹു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി സർക്കാരിനെ അറിയിച്ചിരിക്കുകയാണ്.

മേൽ സാഹചര്യത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം 3(b) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുമ്പോൾ താഴെ പറയും പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു:

- സർക്കാർ നിർദ്ദേശിക്കുന്ന അധികാരസ്ഥാനത്തിനു കെ.എസ്.ആർ ഭാഗം III ചട്ടം 3(b) പ്രകാരമുള്ള നടപടി ആരംഭിക്കാവുന്നതാണ്.
- KCS (CC&A) ചട്ട പ്രകാരം ഒരാൾക്ക് മേജർ ശിക്ഷ നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചാണ് ടി നടപടി ആരംഭിക്കേണ്ടത് എന്നതിനാൽ KCS (CC&A) Rule-ലെ ചട്ടം 15 നിഷ്കർഷിക്കുന്ന പ്രകാരം കുറ്റാരോപിതന് അയാൾ ചെയ്തിട്ടുള്ള കുറ്റം വിശദമാക്കിക്കൊണ്ട് ചാർജ് മെമ്മോയും കുറ്റാരോപണ പത്രികയും നൽകേണ്ടതാണ്. എതിർവാദ പത്രിക നൽകാൻ അവസരം നൽകേണ്ടതും എതിർവാദ പത്രിക ലഭിച്ചതിന്മേൽ അല്ലെങ്കിൽ അനുവദിച്ച സമയത്തിനുള്ളിൽ എതിർവാദ പത്രിക ലഭിക്കുന്നില്ലെങ്കിൽ തുടർന്ന് പ്രസ്തുത വിഷയത്തിൽ ഔപചാരിക അന്വേഷണം

നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് സഹിതം സർക്കാരിലേക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

- പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർ നടപടി കൈക്കൊള്ളാൻ തീരുമാനിക്കുന്ന പക്ഷം, കെ.എസ്.ആർ ഭാഗം III ചട്ടം 3(b) പ്രകാരം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കി കുറ്റാരോപിതന് കാരണം കാണിക്കൽ നോട്ടീസ് നൽകി, ന്യായയുക്തമായ അവസരം നൽകി, ടിയാന്റെ മറുപടി ലഭ്യമാക്കി കഴിയുമെങ്കിൽ ടിയാനെ കേട്ടതിനുശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് അന്തിമ തീരുമാനം കൈക്കൊള്ളേണ്ടതാണ്.
- കുറ്റാരോപിതന്റെ അച്ചടക്ക അധികാരി സർക്കാർ ആകുന്ന കേസുകളിൽ മേൽ നടപടിക്രമങ്ങൾ എല്ലാം തന്നെ സർക്കാർ തലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ശിക്ഷയുടെ ഭാഗമായി പെൻഷൻ ഭാഗികമായോ, പൂർണ്ണമായോ, താൽക്കാലികമായോ, സ്ഥിരമായോ പിൻവലിക്കാവുന്നതാണ്.
- അച്ചടക്ക നടപടി ഒരു അർദ്ധ ജുഡീഷ്യൽ നടപടി ആയതിനാൽ അതിന്റെ തീർപ്പ് എപ്രകാരം ആയിരിക്കണമെന്ന് തീരുമാനിക്കേണ്ടത് ശിക്ഷണാധികാരിയാണ്.

**ഷിബു എ.**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.
3. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
4. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
5. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
6. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം.
7. എല്ലാ വകുപ്പ് മേധാവികൾക്കും/ സ്ഥാപന മേധാവികൾക്കും/ ഭരണ വകുപ്പുകൾക്കും.
8. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
9. നോഡൽ ഓഫീസർ, www.finance.kerala.gov.in
10. ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ (E-2479681)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ